

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

## KCM UP SCHOOL KURUVATTUR

## കെ.സി.എം.യു.പി. സ്കൂൾ
## കുറുവട്ടൂർ

# ആമുഖം

വർഷാവസാനം ഓരോ കുട്ടിയും നേടേണ്ട ശേഷികൾ ഉറപ്പുവരുത്തി അതിലേക്കെത്തിക്കാനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് സ്കൂൾ തലത്തിൽ ആസൂത്രണം ചെയ്ത രേഖ.

# ഉള്ളടക്കം


1. 2025-26 കാലയളവിലെ സ്കൂൾ തല പ്രവർത്തനങ്ങളുടെ ആസൂത്രണവും അവലോകനവും
2. 2025-26 വർഷത്തിൽ സ്കൂൾ ഏറ്റെടുത്തു നടത്തുന്ന തനതുപ്രവർത്തനങ്ങൾ
3. ദിനാചരണം – പ്രവർത്തന കലണ്ടർ
4. ഹെൽപ്പിങ് ഹാൻഡ്സ്
5. 2025-26 ലൈബ്രറി പ്രവർത്തനങ്ങൾ
6. വിഷയാടിസ്ഥാന വാർഷിക പ്രവർത്തനങ്ങൾ

1) അക്കാദമിക മാസ്റ്റർ പ്ലാൻ - ഭാഷ, ഗണിതം, ഇംഗ്ലീഷ് } Std I

2) Std II - മലയാളം
ഗണിതം

3) Std III - മലയാളം
പരിസരപഠനം

4) Std IV - ഇംഗ്ലീഷ്
ഗണിതം

5) മലയാളം (ക്ലാസ് 5, 6, 7)

6) ഇംഗ്ലീഷ് (ക്ലാസ് 5, 6, 7)

7) അടിസ്ഥാനശാസ്ത്രം (ക്ലാസ് 5)

8) അടിസ്ഥാനശാസ്ത്രം (ക്ലാസ് 6)

9) ഹിന്ദി ക്ലാസ് (5, 6, 7)

10) അറബി ക്ലാസ് (5, 6, 7)

11) സാമൂഹ്യശാസ്ത്രം (5, 6, 7)

12) അടിസ്ഥാനശാസ്ത്രം ക്ലാസ് 7

13) ഉറുദു ക്ലാസ് (5, 6, 7)

14) സംസ്കൃതം ക്ലാസ് (5, 6, 7)

# 2025-26 കാലയളവിലെ സ്കൂൾതല പ്രവർത്തനങ്ങളുടെ ആസൂത്രണവും അവലോകനവും

അക്കാദമിക മാസ്റ്റർപ്ലാൻ അനുസരിച്ച് 2025-26 വർഷ കാലയളവിൽ ഞങ്ങളുടെ സ്കൂൾ മികവിന്റെ പാതയിലാണ്. വിവരസാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്ന ക്ലാസ്സ്മുറികളാണ് ഒരുക്കിയിട്ടുള്ളത്. കൂടാതെ ഉല്ലാസഗണിതം, ഗണിതവിജയം, മലയാളത്തിളക്കം എന്നീ പ്രവർത്തനങ്ങളിലൂടെ പഠനപിന്നോക്കത്തിൽ എല്ലാതലത്തിലുമുള്ള കുട്ടികളെയും ഉൾപ്പെടുത്തിക്കൊണ്ട് മുന്നേറിക്കൊണ്ടിരിക്കുന്നു.

ഒന്നു മുതൽ ഏഴുവരെയുള്ള എല്ലാ ക്ലാസുകളിലും ഓരോ ഡിവിഷൻ ഇംഗ്ലീഷ് മീഡിയമായി തുടരുന്നു. 2025-26 അക്കാദമിക വർഷത്തിൽ നമ്മുടെ സ്കൂളിലെ ഹൈടെക് ക്ലാസ്സ്മുറികൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടുതന്നെ സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റാനുള്ള ശ്രമത്തിലാണ്.

അടിസ്ഥാനശേഷികളായ വായന, എഴുത്ത്, ഗണിതശേഷികൾ എന്നിവയിൽ പ്രതീക്ഷിച്ച നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. കൊറോണാനന്തരം എത്തിയ കുട്ടികളെ അവരുടെ അടിസ്ഥാന ഭാഷാശേഷികൾ കൈവരിക്കുവാൻ ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു.

2025-ജൂൺ-2ന് പ്രവേശനോത്സവം പഞ്ചായത്ത് പ്രതിനിധികളുടെയും PTA അംഗങ്ങളുടെയും നേതൃത്വത്തിൽ വിപുലമായി നടത്തുകയുണ്ടായി. സാങ്കേതിക വിദ്യയുടെ പ്രയോഗത്തിൽ ഉന്നതനേട്ടം കൈവരിക്കാൻ കഴിഞ്ഞു. ലൈബ്രറി പ്രവർത്തനങ്ങളുടെ ഭാഗമായി പുസ്തക പ്രദർശനം, വായനാദിനം, ബഷീർദിനം, വായനശാലാ സന്ദർശനം എന്നിവ നടത്തുകയുണ്ടായി. ശുചിത്വ വിദ്യാലയം ഹരിതവിദ്യാലയം, പരിപാടിയുടെ ഭാഗമായി ഹരിതവൽക്കരണം, പ്ലാസ്റ്റിക് നിർമാർജ്ജനം എന്നിവ നടത്തി. തുടർന്ന് ദിനാചരണങ്ങളുമായി ബന്ധപ്പെടുത്തി നിരവധി പരിപാടികൾ നടത്തുകയുണ്ടായി.

സ്കൂളിന്റെ തനതുപരിപാടിയായ മലയാളത്തിളക്കം മലയാളഭാഷയിൽ കുട്ടികളിലെ അക്ഷരശുദ്ധി ഒരു പരിധിവരെ മെച്ചപ്പെടുത്തുവാൻ സഹായിച്ചു. മറ്റ് ഭാഷകളുടെയും പ്രയോഗത്തിൽ ഇതേ മാർഗ്ഗം പിന്തുടർന്നു. ഗണിതത്തിൽ ചതുഷ്ക്രിയാ അവബോധം എല്ലാ ക്ലാസുകളിലും നടപ്പാക്കുകയുണ്ടായി. സാമൂഹിക മൂല്യങ്ങളുടെ അറിവ്, ശാസ്ത്ര പ്രവർത്തനങ്ങൾ, ലൈബ്രറി ഉപയോഗം, കലാ-കായിക ആരോഗ്യ

പ്രവർത്തി പരിചയ മേളകളിൽ കരകൗശലത്തിലൂടെ അറിവും
കഴിവും നേടുകയും വിജയം കൈവരിക്കുകയും ചെയ്തു.

# 2025-26 വർഷത്തിൽ സ്കൂൾ ഏറ്റെടുത്തു നടത്തുന്ന തനതു പ്രവർത്തനങ്ങൾ

| പദ്ധതി | കാലയളവ് | സമയം |
|---|---|---|
| പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ഒരു വർഷം | എല്ലാ ദിവസവും ഒരു മണിക്കൂർ |
| പൊതുവിജ്ഞാനം വളർത്തൽ | ഒരു വർഷം | രാവിലെ (തിങ്കൾ ബുധൻ വ്യാഴം) അസംബ്ലിയിൽ |
| കലാ - കായിക വിദ്യാഭ്യാസം | ആഴ്ചയിൽ | അതാത് പിരീഡുകളിൽ |
| കായിക പരിശീലനം | ആഴ്ചയിൽ ഒരു ദിവസം | വൈകുന്നേരം ഒന്നര മണിക്കൂർ |

# ദിനാചരണം – പ്രവർത്തന കലണ്ടർ

| JUNE | | |
|---|---|---|
| 3-6-25 | പ്രവേശനോത്സവം | • സ്കൂൾ അലങ്കരിക്കൽ, പുതിയ കുട്ടികളെ സ്വീകരിക്കൽ. |
| 5-6-25 | ലോക പരിസ്ഥിതിദിനം | • സയൻസ് ക്ലബ്ബ് ഉദ്ഘാടനം, വൃക്ഷത്തൈ നടൽ, പോസ്റ്റർ നിർമ്മാണം, മാലിന്യമുക്ത ബോധവൽക്കരണം, പ്രകൃതി നടത്തം. |
| 19-6-25 | വായന ദിനം | • ലൈബ്രറി ബുക്ക് വിതരണം, P. N. പണിക്കർ അനുസ്മരണം, വായന മത്സരം, ചെറുകഥാ മത്സരങ്ങൾ, കവിതാലാപന മത്സരങ്ങൾ, വായനാ ക്വിസ്, ലൈബ്രറി സന്ദർശനം, ലൈബ്രറി ബുക്ക്സ് പ്രദർശനം, വായനാമൂല |
| 21-6-25 | അന്താരാഷ്ട്ര യോഗ ദിനം.<br>സംഗീത ദിനം<br>ലോക ലഹരി വിരുദ്ധ ദിനം. | • Demonstration class, ക്ലാസ് തല സംഗീതമേള<br>പ്രതിജ്ഞ, അസംബ്ലിയിൽ അവബോധം നൽകൽ. |
| | | |

# JULY

| | | |
|---|---|---|
| 5-7-25 | ബഷീർ ദിനം | • ബഷീർ കൃതികൾ പരിചയപ്പെടൽ, കഥാപാത്ര അവതരണം, SKIT ക്ലാസ് തലം. |
| 11-7-25 | ലോകജനസംഖ്യാ ദിനം | • ലോകജനസംഖ്യയിൽ ഇന്ത്യ ഒന്നാമത് - അവബോധം നൽകൽ |
| 21-7-25 | ചാന്ദ്ര ദിനം | • പോസ്റ്റർ നിർമ്മാണം പതിപ്പ് നിർമ്മാണം ചാന്ദ്രദിന ക്വിസ്, സയൻസ് ഫെസ്റ്റ്, വീഡിയോ പ്രദർശനം<br>• രാമായണ മാസാചരണം. |

# AUGUST

| | | |
|---|---|---|
| 6-8-25 | ഹിരോഷിമ ദിനം | • പോസ്റ്റർ നിർമ്മാണം<br>• യുദ്ധവിരുദ്ധ റാലി |
| 9-8-25 | നാഗസാക്കി ദിനം | |
| 15-8-25 | സ്വാതന്ത്ര്യ ദിനം | • പ്രസംഗം, ഘോഷയാത്ര, ക്വിസ് |
| | കർഷക ദിനം | • കർഷകരുമായി അഭിമുഖം |
| | | |

| | | |
|---|---|---|
| | **SEPTEMBER** | |
| 5-9-25 | ദേശീയ അധ്യാപക ദിനം | • അധ്യാപകർക്കൊരു കത്ത്<br>• വീഡിയോ പ്രദർശനം - ഡോ. എസ്. രാധാകൃഷ്ണൻ |
| | **OCTOBER** | |
| 1-10-25 | ലോക വയോജന ദിനം | • വൃദ്ധരെ ബഹുമാനിക്കൽ, ചേർത്തു പിടിക്കൽ |
| 2-10-25 | ഗാന്ധി ജയന്തി | • ഗാന്ധി അനുസ്മരണം<br>പരിസര ശുചീകരണം |
| 6-10-25 | ഭക്ഷ്യദിനം | • ചെറുധാന്യമേള, ഭക്ഷ്യമേള |
| | **NOVEMBER** | |
| 1-11-25 | കേരളപ്പിറവി ദിനം | • വീഡിയോ പ്രദർശനം (കേരളത്തിന്റെ തനതുകലകൾ)<br>• വിനോദസഞ്ചാര കേന്ദ്രങ്ങൾ |
| 9-11-25 | ലോക ഉറുദു ദിനം | ചിത്ര രചനാ മത്സരം |
| 14-11-25 | ശിശുദിനം | • കുട്ടികളുടെ കലാപരിപാടികൾ |
| | **DECEMBER** | |
| 3-12-25 | ഭിന്നശേഷി ദിനം | • ചിത്രരചനാ മത്സരം |
| 14-12-25 | ഊർജ്ജസംരക്ഷണ ദിനം | • പോസ്റ്റർ നിർമ്മാണം |
| 18-12-25 | ലോക അറബിഭാഷാ ദിനം | ക്വിസ്, പോസ്റ്റർ |
| 22-12-25 | ദേശീയ ഗണിത ദിനം | • രാമാനുജൻ അനുസ്മരണം<br>• 101 ശാസ്ത്രജ്ഞന്മാരുടെ മാഗസിൻ പ്രകാശനം<br>• ഗണിത ശാസ്ത്രമേള |

| | | |
|---|---|---|
| | JANUARY | |
| 10 - 1 - 25 | ലോക ഹിന്ദി ദിനം | • ഹിന്ദി പ്രസംഗ-മത്സരം<br>• കവിതാലാപനം |
| 26 - 1 - 25 | റിപ്പബ്ലിക് ദിനം | |
| 30 - 1 - 25 | രക്തസാക്ഷി ദിനം | |
| | FEBRUARY | |
| 21 - 2 - 25 | ലോക മാതൃഭാഷാ ദിനം | • മാതൃഭാഷയിൽ ഒരു കത്ത്<br>• ഭാഷാശില്പശാല |
| 28 - 2 - 25 | ദേശീയ ശാസ്ത്ര ദിനം | • |
| | MARCH | |
| 8 - 3 - 25 | ലോക വനിതാ ദിനം | |

# ഹെൽപിങ്ങ് ഹാൻഡ്സ്

കെ. സി. എം. യു. പി. സ്കൂളിലെ 2025-26 അധ്യയന വർഷത്തെ തനതുപ്രവർത്തനമാണ് ഹെൽപിങ് ഹാൻഡ്സ്. മലയാളഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മികവിലെത്തിക്കുക എന്നതാണ് ഈ പ്രവർത്തനത്തിന്റെ പ്രധാന ലക്ഷ്യം. 2 മുതൽ 7 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളിൽ നിന്നും മലയാളത്തിൽ പ്രയാസമനുഭവിക്കുന്ന കുട്ടികളെ തിരഞ്ഞെടുത്ത് വൈകുന്നേരങ്ങളിൽ 4 മണി മുതൽ 5 മണി വരെ പഠിപ്പിക്കുന്നു. 2, 3 ക്ലാസുകളിലെ കുട്ടികളെ തിങ്കൾ, 4-ാം ക്ലാസിലെ കുട്ടികളെ ചൊവ്വ, 5-ാം ക്ലാസിലെ കുട്ടികളെ ബുധൻ, 6, 7 ക്ലാസുകളിലെ കുട്ടികളെ വ്യാഴം എന്നിങ്ങനെയാണ് ക്ലാസ് നൽകുന്നത്.

ഹെൽപിങ് ഹാൻസിന്റെ ആദ്യ ദിനങ്ങളിൽ അക്ഷരങ്ങളെ കൂട്ടിച്ചേർത്തെഴുതാനും ചിഹ്നങ്ങളെല്ലാം കുട്ടികൾക്ക് ബുദ്ധിമുട്ടായിരുന്നു. തുടക്കത്തിൽ ഒരേ അക്ഷരങ്ങളും അവ ഉപയോഗിച്ചുള്ള പത്ത് വാക്കുകളും എഴുതിപ്പിക്കുകയായിരുന്നു. മിക്ക കുട്ടികളും വാക്കുകൾ എഴുതുന്നുണ്ടായിരുന്നു. ചില കുട്ടികൾക്ക് അക്ഷരത്തെറ്റുകൾ വരുന്നുണ്ടായിരുന്നു. അക്ഷരത്തെറ്റുകളും വാക്കുകൾ എഴുതുമ്പോഴുള്ള ബുദ്ധിമുട്ടുകളും ഉള്ള കുട്ടികളെ കൂടുതൽ വാക്കുകൾ പരിചയപ്പെടുത്തുകയും

എഴുതിപ്പിക്കുകയും ചെയ്തു. പിന്നീടുള്ള ദിവസങ്ങളിൽ കൂടുതൽ വാക്കുകൾ പരിചയപ്പെടുത്തുകയും അവ ഉപയോഗി-ച്ചുള്ള വാക്യങ്ങളും നിർമ്മിക്കാൻ പരിശീലിപ്പിച്ചു.

കുട്ടികളിൽ പുരോഗതിയുണ്ടായി 'ഹെൽപിങ് ഹാൻഡ്' മികവേറുന്നു.

# 2025-26 ലൈബ്രറി പ്രവർത്തനങ്ങൾ

2025-26 അധ്യയന വർഷത്തിൽ ജൂൺ മുതൽ സ്കൂൾ തല പ്രവർത്തനങ്ങൾ തുടങ്ങാൻ തീരുമാനിച്ചു. ജൂൺ സ്കൂൾ തല പുസ്തകപ്രദർശനം നടത്താനും ഓരോ ക്ലാസിലെ കുട്ടികൾക്കും അവർക്കിഷ്ടപ്പെട്ട പുസ്തകങ്ങൾ തിരഞ്ഞെടുക്കാനുള്ള അവസരം കൊടുക്കാനും തീരുമാനമായി. ചിത്രരചന, രചനാ മത്സരങ്ങൾ, വായനാക്കുറിപ്പ്, നാടൻപാട്ട് മത്സരം, വായനാ മത്സരം എന്നിവ നടത്താൻ തീരുമാനിച്ചു. വായനാവാരത്തോടനുബന്ധിച്ച് ഒരു ദിവസം ക്ലാസടിസ്ഥാനത്തിൽ ലൈബ്രറി പ്രവർത്തനം നടത്താൻ തീരുമാനിച്ചു. പിറന്നാളിനൊരു പുസ്തകം എന്നൊരു പദ്ധതി തുടങ്ങാനും കുട്ടികൾ അവരുടെ പിറന്നാൾ ദിവസം ലൈബ്രറിയിലേക്ക് പുസ്തകം സംഭാവന ചെയ്യാനും തീരുമാനമായി. ഓരോ ക്ലാസിലും വായനാമൂല വിപുലമാക്കാൻ തീരുമാനിച്ചു. വായനാ ബാലമാസികകൾ കൊടുത്ത് 1, 2. ഓണാഘോഷവുമായി ബന്ധപ്പെട്ട് അവർക്കിഷ്ടപ്പെട്ട കഥാപാത്രങ്ങളുടെ ക്ലാസിലെ കുട്ടികൾക്ക് ചിത്രം വരയ്ക്കാനും 3, 4 ക്ലാസിലെ കുട്ടികൾക്ക് വായിച്ച പുസ്തകത്തിന്റെ വായനാക്കുറിപ്പ് തയ്യാറാക്കാനും തീരുമാനമായി. 6, 7 ക്ലാസുകളിൽ എഴുത്തും വായനയും അറിയുന്ന കുട്ടികൾക്ക് എഴുത്തുകൂട്ടവുമായി ബന്ധപ്പെട്ട് പുസ്തകങ്ങൾ നൽകി. ആസ്വാദനക്കുറിപ്പ്, വായനാക്കുറിപ്പ്, കഥാപാത്രനിരൂപണം എന്നീ പ്രവർത്തനങ്ങൾ നടത്താനും

കൂടാതെ LP ക്ലാസുകളിൽ സംയുക്ത വായന നടത്താനും

തീരുമാനമായി.

# അക്കാദമിക മാസ്റ്റർ പ്ലാൻ

ക്ലാസ് - വൺ.

ഭാഷ.

I ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.

II എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പ് വരുത്തുന്നു.

III ഒരക്കസംഖ്യയും രണ്ടക്കസംഖ്യയും ഉൾപ്പെടുന്ന (1-20) ലളിതമായ ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുക.

IV തന്റെ ചുറ്റുപാടിനെ നിരീക്ഷിക്കുന്നതിനും വിശകലനം നടത്തുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും കഴിവുള്ളവരാക്കുക.

V കുട്ടിയുടെ ശാരീരികവും മാനസികവുമായ വികാസവും ക്ഷേമവും ഉറപ്പാക്കുക.

ജൂൺ:- ടീച്ചറും രക്ഷിതാക്കളും പറഞ്ഞ കഥകളിലെ ആശയം മറ്റുള്ളവരുമായി പങ്കിടുന്നു. രക്ഷിതാക്കൾക്ക് കഥപറയൽ പരിശീലനം.

ജൂലൈ:- ടീച്ചർ പുസ്തകങ്ങൾ (കഥ) ഭാവാത്മകമായി വായിച്ച് കേൾപ്പിക്കുന്നു. വീട്ടുവായന രക്ഷിതാക്കൾ പുസ്തകങ്ങൾ വായിച്ച് കേൾപ്പിക്കുന്നു. കേട്ട കഥയിലെ ആശയങ്ങൾ ചിത്രീകരിക്കുന്നു.

# ഗണിതം

ലക്ഷ്യം. കുട്ടികളും നിർമ്മാണപ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ.

ഗണിത മാഗസിൻ [JUNE TO MARCH]

ജ്യാമിതിയ രൂപങ്ങളുടെ നിർമ്മാണം.

ഒരുക്കിനക്യാമ്പ് [SEPTEMBER]

ഗണിതക്യാമ്പ്, ഗണിതപ്രവർത്തനങ്ങൾ കളിയിലൂടെ [മാസത്തിൽ ഒന്ന് വീതം]

ചുമതല [ക്ലാസ് ടീച്ചർ, SRG]

ക്ലാസ് ലൈബ്രറി ശക്തമാക്കുന്നു. കഥ, ശില്പശാല ചിത്ര കാർഡുകൾ, വായന കാർഡുകൾ [നിർമ്മാണ ശില്പശാല] ഡിജിറ്റൽ സാധ്യതകളിലൂടെ കഥ കാണാനും, കേൾക്കാനും അവസരം ഒരുക്കൽ.

ആഗസ്റ്റ് തിയേറ്റർ സാധ്യതകൾ വായനക്കളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ തൽപ്പരരാക്കൽ. കഥയുടെ പുനരവതരണം വ്യത്യസ്ത വ്യവഹാര രൂപങ്ങളിലൂടെയും അവതരിപ്പിക്കാനുള്ള അവസരം

സെപ്റ്റംബർ ചിത്രവായന നടത്തി പ്രസക്തമായ കാര്യങ്ങൾ വാചികമായി പങ്കിടുന്നു. ലഘുതിരക്കുറിപ്പെഴുതൽ, ചിത്രവായനകാർഡുകൾ തയ്യാറാക്കൽ, കൂട്ടവായന.

ഒക്ടോബർ ലളിതമായ വായനകാർഡുകൾ സഹായത്തോടെ വായിക്കുന്നു. സ്വതന്ത്രമായി കഥ പറയൽ.

നവംബർ:. ചിത്രത്തെ അടിസ്ഥാനമാക്കി കുട്ടി പറയുന്നകഥ ടീച്ചറും രക്ഷിതാക്കളും എഴുതുന്നു. കുട്ടി സഹായത്തോടെവായിക്കുന്നു. കുട്ടികൾ നിർമ്മിച്ച കഥകളുടെ പ്രകാശനം കുട്ടികളുടെ കഥകൾ അവർ തന്നെ വായിക്കുന്നത്, നവമാധ്യമങ്ങളിലൂടെ പങ്കിടുന്നു.

ഡിസംബർ:, ജനുവരി ടീച്ചർ മുൻകൂട്ടി തയ്യാറാക്കിയ കഥകൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. വായനകാർഡുകൾ രക്ഷിതാക്കളുടെ പിന്തുണയോടെ വായിക്കുന്നു.

ഫെബ്രുവരി, മാർച്ച് ചിത്രകഥാപുസ്തകങ്ങൾ വായിക്കുന്നു. എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിലെഴുതി പ്രകടിപ്പിക്കുന്നു.

കണ്ടെത്തൽ:- കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനുള്ള ശില്പശാലകൾ ലഘുവീഡിയോ പ്രദർശിപ്പിച്ച് അതിൽ നിന്നും ചോദ്യങ്ങളിലൂടെ [illegible] പാഠങ്ങൾ നിർമ്മിക്കൽ. ആദ്യം അറിയാവുന്ന നിലവാരത്തിൽ കുട്ടി എഴുതുന്നു. പിന്നെ [illegible] എഴുതുന്നു.

English Std I

## objectives and learning outcomes

Respond to Simple instructions in the class room.
Describe orally about the pictures and objects.
Familiarise with simple words
Enjoy songs and sings them with Rhythm and action.
Familiarise the names of birds, animals their young ones and identifies them from pictures.

June - Introduce symbol words
provides picture cards.

July - Identify familiar words, say familiar words.
Read familiar words, write familiar words.

August - Enjoy songs and signs them with Rhythm and action Describes orally about pictures and objects using adjectives.

September - Read and write simple words and simple sentences. Provide picture cards and reading cards.

October - Introduce symbol picture descriptions. Make word chain, sentence chain. Make riddles. Describing words, Text book activities.

November - prepare reading cards. provide more opportunities to read, write and speak English. write five English words daily.

December - Read and understand simple instructions in the class room. Encourage digital reading

January - Enjoy songs and sings them with Rhythm and action.

Make picture albums.
Collect pictures of animals and its young ones.

February - provide the opportunity to express myself in the class room.

~~English~~
March - Speak english fluently (graphically)
Read and write simple sentences
picture reading and picture description.

# അക്കാദമിക മാസ്റ്റർ പ്ലാൻ 2024-25

## Std: II ഗണിതം.

### ആമുഖം.

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായിരിക്കണം. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടികളുടെ പഠനം നടക്കേണ്ടത്. ഈ ലക്ഷ്യത്തിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനങ്ങളിലും തത്പരമായി നേടിയെടുക്കേണ്ട ശേഷികളും നേടിയെടുക്കുക എന്ന ലക്ഷ്യം തന്നെയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ മുന്നോട്ട് വെക്കുന്നത്.

### പ്രവർത്തന ലക്ഷ്യങ്ങൾ:-

- രണ്ടാം ക്ലാസ്സിലെ കുട്ടികളിൽ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കൽ, സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം എന്നീ ശേഷികൾ ഉറപ്പാക്കൽ.
- ഗണിതക്കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ.
- ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു. എഴുതുന്നു. (100 ൽ താഴെ)
- ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത ഉത്തരങ്ങൾ കൈവരിക്കാനാകും എന്ന മേഖലയിൽ എത്തിച്ചേരൽ.

* പ്രാഥമിക ഗണിതത്തിലെ പ്രശ്നങ്ങൾ പരിഹരിക്കു
വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുന്നു.

ന്യൂനതകൾ:-

ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചുവ-
തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടന്നു.

ജൂൺ:- 1, 2, 3, 4 - - -
1, 3, 5, 7 - - -
5, 10, 15, 20 - - -

ഇവയിലെ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്ത

* ഒരു സംഖ്യയോട് ഒന്ന് കൂട്ടുമ്പോൾ തൊട്ടടുത്ത സം-
ഖ്യം കുറക്കുമ്പോൾ തൊട്ടു മുമ്പുള്ള സംഖ്യയും കിട്ടും എ-
ന്ന തിരിച്ചറിവ് ഉണ്ടാകൽ.

ജൂലൈ:-

* ഒരു കൂട്ടം വസ്തുക്കളോട് മറ്റൊരു കൂട്ടം വസ്തുക്കൾ
ചേർന്ന് ആ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി തു-
ടങ്ങും പറയൽ.
* ഗണിതകിറ്റ് പല ഘട്ടങ്ങളിലും ഉപയോഗിക്കൽ.
* പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർന്ന് ര-
ണ്ട സംഖ്യകൾ രൂപീകരിക്കൽ.

ഉദാ:- 5 + 5 = 10. 10 + 10 = 20.

ആഗസ്റ്റ്:-

* വിവിധ പാറ്റേണുകൾ ആവിഷ്കരിക്കൽ
* സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ.
* ഓരോ സംഖ്യയെയും പ്രായോഗിക ഗണിതാശയങ്ങളിൽ ഉൾപ്പെടുത്താനുള്ള ഇതര പ്രവർത്തനങ്ങൾ കണ്ടെത്തൽ.

സെപ്റ്റംബർ:-

* ഗണിതകിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് പ്രായോഗിക പ്രശ്നം പരിഹരിക്കൽ.
* വില വിവരപ്പട്ടിക തയ്യാറാക്കൽ.
* വിവിധ കളികളിലൂടെ ഗണിതാശയങ്ങൾ ആർജിക്കൽ.

ഒക്ടോബർ:-

* രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു. (രണ്ടക്കസംഖ്യയിൽനിന്നും ഒരക്ക സംഖ്യയുടെ വ്യവകലനം, രണ്ടക്ക സംഖ്യകൾ തമ്മിൽ സങ്കലനം, വ്യവകലനം).
* സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ.
* പാറ്റേണുകൾ ആവിഷ്കരിക്കൽ.
* പാറ്റേണിലെ സംഖ്യകൾ തമ്മിൽ നിലനിൽക്കുന്ന ബന്ധമെന്താണെന്ന് കണ്ടെത്തൽ.
* പ്രായോഗിക പ്രശ്നം ഉണ്ടാക്കൽ.

നവംബർ:-

* സ്ഥാനവില തിരിച്ചറിയൽ. (ഒന്ന്, പത്ത്).
* രണ്ട് സംഖ്യകളിൽ നിന്ന് ആവശ്യമായ സംഖ്യ എണ്ണി എഴുതൽ.
* "ക്ലാസിനൊപ്പം കട" കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ.
* നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ. ഇവ ചേർന്ന് സംഖ്യ രൂപീകരിക്കൽ.

ഡിസംബർ:-

* സംഖ്യാബോധം തിരിച്ചറിഞ്ഞ് സംഖ്യാവ്യാഖ്യാനം ഉണ്ടാക്കൽ.
* സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി, അബാക്കസ്, സ്ഥാനവില പോക്കറ്റ് നിർമ്മിക്കൽ.
* രണ്ട് സംഖ്യകളുടെ തുക കാണൽ - വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

ജനുവരി:-

* വില വിവരപ്പട്ടിക തയ്യാറാക്കൽ.
* വിവരങ്ങൾ ശേഖരിച്ച് പട്ടികപ്പെടുത്തൽ
* പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ.
* പ്രശ്നം നിർധാരണം ചെയ്ത് തുക കാണൽ.
* സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ.


ശേഷികൾ:

* ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതപഠനം നടത്തുന്നു.
* Materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ.
* കളികളിലൂടെ ഗണിതപഠനം നടപ്പാക്കൽ.


മാർഗ്ഗം:

* കലണ്ടർ പതിപ്പ് തയ്യാറാക്കൽ.
* കലണ്ടറിലെ കറുത്ത അക്കങ്ങളും ചുവന്ന അക്കങ്ങളും തിരിച്ചറിയൽ.
* മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ.
* കലണ്ടർ നോക്കി പാറ്റേണുകൾ കണ്ടെത്തൽ, സംഖ്യകൾ താരതമ്യം ചെയ്യൽ.

**കൃഷിദീപം** :- വിദ്യാർത്ഥികൾക്ക് കൃഷി എന്താണെന്നും, കൃഷിയുമായുള്ള അറിവു പകർന്നു നൽകുവാനും, സ്കൂളിലും വീട്ടിലും ഉള്ള സ്ഥലങ്ങളിൽ വിപുലമായി ജൈവ പച്ചക്കറികൾ കൃഷി ചെയ്യുവാനും, ഉൽപാദനം വിതരണം എന്നി പേരിൽ സ്കൂളിലെ ഉച്ചഭക്ഷണ പദ്ധതി വിപുലമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കും.



**വീട്ടിലൊരു ശാസ്ത്രലാബ്** :- കുട്ടികൾക്ക് ശാസ്ത്രപഠന താൽപര്യം വർധിപ്പിക്കുന്നതിനും, പരീക്ഷണ നിരീക്ഷണങ്ങളിലൂടെ അറിവുകൾ സ്വയം കണ്ടെത്തി സ്വായത്തമാക്കുന്നതിന് സഹായകമാവും വിധം ചിലവ് കുറഞ്ഞതും, പാഴ്‌വസ്തുക്കളും മറ്റും ഉപയോഗിച്ച് പഠനമുറിയിൽ ശാസ്ത്രലാബ് എന്ന പ്രവർത്തനം നടപ്പിലാക്കും.



**ശാസ്ത്രകിറ്റ്** :- നാമമാത്ര ചിലവുകുറഞ്ഞതും, അടുക്കളയിൽ നിന്നും, പാഴ്‌വസ്തുക്കളിൽ നിന്നും ലഭിക്കുന്ന വസ്തുക്കൾ വിവിധ പരീക്ഷണങ്ങൾക്ക് ഉതകും വിധം ക്രമീകരിച്ച് ഒരു വിദ്യാർത്ഥിക്ക് ഒരു ശാസ്ത്രകിറ്റ് എന്ന നിർമ്മാണം നടപ്പിലാക്കും.




**ഇ-പഠനം** :- കുട്ടികൾക്ക് പാഠഭാഗവുമായി ബന്ധപ്പെട്ട വിവരങ്ങൾ എളുപ്പത്തിൽ ശേഖരിക്കാൻ സാധ്യമായ ചാർട്ട്, വീഡിയോ, ചിത്രങ്ങൾ, മോഡലുകൾ, എന്നിവ സ്വന്തമായി നിർമ്മിക്കാൻ സാധ്യമാകും.




**പേടിക്കണം മരണമില്ലാത്തവനെ** :- ഏറ്റവും അപകടകാരിയായ പ്ലാസ്റ്റിക് ഉപയോഗം നിരോധിക്കാനും, 'മാലിന്യമുക്ത സ്കൂൾ' എന്ന ആശയം നടപ്പിലാക്കാൻ വേണ്ടി സ്കൂളും പരിസരവും വൃത്തിയാക്കുകയും, മാലിന്യം നിക്ഷേപിക്കാൻ കുഴികൾ ഒരുക്കുകയും പ്ലാസ്റ്റിക് പാത്രങ്ങൾക്ക് പകരം സ്റ്റീൽ പാത്രങ്ങൾ ഉപയോഗിക്കുക. കുട്ടികൾക്ക് "5R" എന്ന തത്വത്തിൽ ഊന്നി പ്ലാസ്റ്റിക് ഉപയോഗം കുറക്കുകയും പേപ്പർ പേനകൾ ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും.




**പെരുമഴക്കാലം** :- ഓരോ സമയത്തും പെയ്യുന്ന മഴയുടെ കൃത്യമായ അളവ് മഴമാപിനി നിർമ്മിച്ച് രേഖപ്പെടുത്തുകയും, അതുവഴി കാലാവസ്ഥ പഠനത്തിനും, കാലാവസ്ഥ പ്രവചനത്തിനും ദുരന്തനിവാരണത്തിനും സഹായകമാകുന്ന രീതിയിൽ ക്രമീകരിക്കും.



# Acadamic Master Plan - 25-26

## Class - IV

English language plays an essential role in our lives as it help in Communication. it is the main language for Studying any Subject all over the world. English is important for Students as it broadens their minds, develops emotional Skills, improve the Quality of life by Providing Job Oppurtunities. There are so many Variety of discourses in English language. like Conversation, Notice, letter, Poster, diary etc.. These will help to improve the childrens Creativity.

| | | | | |
|---|---|---|---|---|
| English Assembly. | How to improve the Skills to speak, write, read in English. | weekly 2 days. | class teacher. | |
| English diary: Daily Programmes in Schools and homes. | Without mistake. | Weekly 3 days. | Class teacher. | |
| English Theatre. | Improve Creativity. | Once in a Month. | Class teacher. | |
| English Corner. | Reading Comprehension. | Once in 2 Weeks. | class teacher | Parents. |
| Skit, Drama, Conversation, Story Telling based on units. | | | | |
| English Fest. | Skill improve to Speak, write and read in English. | Once in a Year | class teacher | PTA |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025

## എൽ.പി ഗണിതം

**ആമുഖം:**

ഗണിത പ്രവർത്തനങ്ങളെ കളികളുമായും സർഗാത്മക പ്രവർത്തനങ്ങളുമായും ചേർത്തുകൊണ്ടാണ് ഗണിത പഠനം നാലാം ക്ലാസിൽ അവതരിപ്പിക്കുന്നത്. കുട്ടികളുടെ ഗണിത പഠനത്തോടുള്ള താൽപര്യവും ജിജ്ഞാസയും വളർത്തുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് പാഠപുസ്തകത്തിൽ ക്രമപ്പെടുത്തിയിട്ടുള്ളത്. സംഖ്യകൾ പറയാനും, വായിക്കാനും എഴുതാനും ഉള്ള ശേഷികൾ നേടാനും നിത്യജീവിതത്തിന്റെ ഭാഗമായി നാണയങ്ങളും നോട്ടുകളും കൈകാര്യം ചെയ്യേണ്ടി വരുന്ന പ്രായോഗിക സന്ദർഭങ്ങളിൽ അത് ഉപയോഗപ്പെടുത്താനും നാലാം ക്ലാസിലെ ഗണിതപഠനം ലക്ഷ്യം വയ്ക്കുന്നു. സങ്കലനക്രിയ, വ്യവകലനക്രിയ, പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനുള്ള ശേഷി നേടുന്നതിനും ഗണിതപഠനം ലക്ഷ്യമിടുന്നു. അതുപോലെത്തന്നെ മനക്കണക്കിന് പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. നീളം അളക്കുന്നതുമായി ബന്ധപ്പെട്ട സെന്റിമീറ്റർ, മീറ്റർ എന്നിവ പരിചയപ്പെടുത്തുന്നതിന് അവസരം നൽകിയിരിക്കുന്നു. സ്കെയിൽ ടേപ്പ് എന്നിവ ഉപയോഗിച്ച് നീളം കൃത്യമായി അളക്കാനുള്ള അവസരം കുട്ടികൾക്ക് നൽകുന്നു. വിവിധ ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടുന്നതിനും അവയുടെ സവിശേഷതകൾ ചർച്ചചെയ്യുന്നതിനും വരയ്ക്കുന്നതിനും, പാറ്റേൺ രൂപീകരിക്കുന്നതിനും അവസരം നൽകുന്നു. സർഗാത്മക കഴിവുകൾ, യുക്തിചിന്തകൾ എന്നിവ വളർത്തുന്നതിനും ~~അവസര~~ ഗണിതപഠനം അവസരം ഒരുക്കുന്നു.

ലക്ഷ്യം - 1

• ഗണിതപഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ)

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതലകൾ |
| --- | --- | --- |
| വിവിധ തരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പിലാക്കൽ. മൂല്യനിർണ്ണയം (സങ്കലനം, വ്യവകലനം) | ജൂൺ- ജൂലൈ | SRG, ക്ലാസ്ടീച്ചർ |

ലക്ഷ്യം - 2

• ഗണിതശാസ്ത്രപഠനം രസകരമാക്കൽ – കരചലന ശേഷി വികാസം.

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതലകൾ |
| --- | --- | --- |
| ഒറിഗാമിയിലൂടെ പഠനം. ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം | ആഗസ്റ്റ് – സെപ്തംബർ | ഗണിത ടീച്ചർ |

ലക്ഷ്യം - 3

• ഗണിതപഠനം സുതാര്യമാക്കൽ, ഗണിതലാബ് ഉപയോഗപ്പെടുത്തൽ

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതലകൾ |
| --- | --- | --- |
| ഗണിത ലാബ് ഗണിതചുമർ ഒരുക്കൽ – പഠനത്തിന് ഉപയോഗപ്പെടുത്തൽ. | ഒക്ടോബർ – നവംബർ | H.M, ഗണിതടീച്ചർ |

ലക്ഷ്യം - 4

പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ.

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതലകൾ |
|---|---|---|
| ഗണിതപഠനോപകരണ ശില്പശാല: പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം | ഡിസംബർ - ജനുവരി | SRG, ഗണിതടീച്ചർ |

ലക്ഷ്യം - 5

ഗണിതശേഷികളുടെ പോഷണം.

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതലകൾ |
|---|---|---|
| ഗണിതമേള പ്രശ്നോത്തരി, പസിൽ, പാറ്റേൺ, പഠനഉൽപ്പന്നങ്ങളുടെ പ്രദർശനം | ഫെബ്രുവരി | SRG, ഗണിതടീച്ചർ |

# മലയാളം

| ലക്ഷ്യം | പ്രവർത്തനം |
| --- | --- |
| * ഭാഷയുടെ അടിസ്ഥാന ശേഷി വികസനം ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | 1. എന്റെ അവധിക്കാലം (കഥ, കവിത, അനുഭവക്കുറിപ്പ്)<br>2. ഭാഷാ കേളി.<br>→ ജൂൺ മാസം. |
| * പഠിതാവിന്റെ അർത്ഥപൂർണമായ വായന ഉറപ്പുവരുത്തുക | 1. വാർത്താലോകത്തേക്ക് (പത്രം, ആഴ്ച്ചപ്പതിപ്പ്, മാസികകൾ)<br>→ എല്ലാ ദിവസവും<br>2. വാർത്താവായന<br>→ പ്രതിമാസം. |
| * സാഹിത്യ കൃതികളോട് സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക. അതു വഴി സർഗ്ഗ ശേഷി വളർത്തുക | 1. സംവാദം/മുഖാമുഖം.<br>→ വർഷത്തിൽ ആറു പ്രാവശ്യം. |
| * പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | 1. രംഗാവിഷ്കാരം<br>→ അക്കാദമിക് വർഷം |

# Academic master plan- English

In English, it includes,

* Strengthening vocabulary and grammar.
* Developing foundational reading and writing skills.
* Introducing basic literary analysis.
* Part of speech( nouns, verbs, adjectives , adverbs etc)
* Theme identification and basic liberary elements.
* Story cubes: students roll dice with pictures and use the images to create a story. This activity encourages creativity and helps in constructing sentences.
* Mad Libs : students fill in the blanks with specific parts of speech (eg:- nouns, verbs, adjectives) to create a funny story. This game reinforces vocabulary and grammar in a playful content.
* Debate and public speaking challenges:- Organize debates on topics like "should students have a four-day school week?" or based on their chapters like robotics, AI, technology etc. to develop persuasion, research, and communication skills.

## അടിസ്ഥാനശാസ്ത്രം 25-26 Class - V

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയുന്നു. | പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈകൾ ഓരോ വിദ്യാർത്ഥിയും അവരവരുടെ വീടുകളിൽ നടുന്നു. ആൽബം നിർമ്മിക്കുന്നു. ഓരോ ഘട്ടത്തിലും വളർച്ചഘട്ടങ്ങൾ വിലയിരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ശാസ്ത്രാധ്യാപകർ | അധ്യാപകർ, പി.ടി.എ |
| | ഔഷധത്തോട്ടം [illegible] | | | |
| | വയനാട് ജില്ലയിൽ കാണുന്ന സസ്യങ്ങളെ കണ്ടെത്തൽ, (കുളം, ആവാസവ്യവസ്ഥ) സന്ദർശിക്കൽ (Trip) | ജൂലൈ | ശാസ്ത്രാധ്യാപകർ പി.ടി.എ അംഗങ്ങൾ | അധ്യാപകർ |
| | ശാസ്ത്ര കിറ്റ് നിർമ്മാണം | | | |
| | നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി ലഘുപരീക്ഷണങ്ങളിലേർപ്പെടുന്നു. പരീക്ഷണ കിറ്റുകൾ തയ്യാറാക്കുന്നു. (Home Lab) | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ് അംഗങ്ങൾ രക്ഷിതാക്കൾ | രക്ഷിതാക്കൾ അധ്യാപകർ PTA, OSA. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിൽ പ്രയോജനപ്പെടുത്തുക. | വിസ്മയ ചാനൽ – ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുക. (പ്രതിദിനം)<br>ബഹിരാകാശ അത്ഭുതങ്ങൾ ക്ലാസുകൾ സംഘടിപ്പിക്കുന്നു | July മുതൽ മാർച്ച് വരെ | ശാസ്ത്രാധ്യാപകർ PTA | സയൻസ് ക്ലബ് .. അംഗങ്ങൾ |
| | ലാബ് നവീകരണം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | അധ്യാപകർ, PTA പഞ്ചായത്ത് |
| പ്രതിഭാ ശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണാത്മകത വർധിപ്പിക്കുക. | വിവിധ പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി പ്രോജക്ടുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുക. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ് അധ്യാപകർ. |

# അക്കാദമിക മാസ്റ്റർ പ്ലാൻ സയൻസ് Std VI

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശക |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രം തിരിച്ചറിയൽ. | പരീക്ഷണക്കളരി: നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രതത്വങ്ങൾ കണ്ടെത്തുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകൻ സയൻസ് ക്ലബ്, ഊർജ്ജ ക്ലബ്, ഹെൽത്ത് ക്ലബ് | |
| | ജൈവവൈവിധ്യ പാർക്ക് | അക്കാദമിക വർഷം | " | പി.ടി.എ |
| | ഫീൽഡ് ട്രിപ്പ്: ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, | ജൂലൈ | " | രക്ഷിതാക്കൾ. |
| ശാസ്ത്രപ്രക്രിയാശേഷി വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് | ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകൻ | സയൻസ് ക്ലബ്. |
| | വിവിധ ശാസ്ത്രാശയവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി അവതരിപ്പിക്കാൻ അവസരം നൽകുന്നു | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകൻ വിവിധ ക്ലബുകൾ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| | ശാസ്ത്ര വിസ്മയ ചുമർ: ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ക്ലാസ്സ്മുറികളിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | പ്രമുഖ വ്യക്തികളുമായി അഭിമുഖം. സെമിനാർ അവതരണം, ശാസ്ത്രശിൽപശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം. | വിവിധ ക്ലബ്ബുകൾ | പി.ടി.എ. |
| ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകളുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക. | ICTയുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ. | |

# ഹിന്ദി

| Sl No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ. | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്.<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം.<br>• ഓൺലൈൻ അക്ഷരമാല കളികൾ<br>• വാക്കുകൾ എഴുതിയ കാർഡുകൾ<br>• വാക്കുകൾ നിർമ്മാണം.<br>• വാക്യങ്ങളുടെ നിർമ്മാണം. | ജൂൺ മുതൽ ആഗസ്റ്റ് വരെ | അക്ഷര-ചാർട്<br>പാഠ-പുസ്തകം | BRC<br>DIET<br>SCERT<br>Resource Teachers |
| 2. | വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക.) | • വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | സെപ്തംബർ മുതൽ ഒക്ടോബർ വരെ | ഹിന്ദി നിഘണ്ടു | PTA<br>BRC<br>Resource Teacher |

| | | | | | |
|---|---|---|---|---|---|
| 3 | ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം. (സുരീലി ഹിന്ദി) | • ഹിന്ദി അസംബ്ലി<br>• ദിനാചരണങ്ങൾ (പ്രത്യേകിച്ച് സെപ്തംബർ 14, ജനുവരി 10)<br>• ക്ലാസ് ലൈബ്രറി<br>• അധികവായന സാമഗ്രികൾ<br>• ചിത്ര സഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>• ചിത്രം - അടിക്കുറിപ്പ്<br>• ചിത്രം - കഥ പറയൽ<br>• ചിത്രം - കഥ എഴുതൽ<br>• കഥാബാക്കി എഴുതൽ<br>• വായനാമൂല<br>• ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ | നവംബർ മുതൽ ഫെബ്രുവരി വരെ | പുസ്തകങ്ങൾ | BRC<br>DIET<br>PTA<br>SCERT |

# അക്കാഡമിക് മാസ്റ്റർ പ്ലാൻ - അറബിക് 2025-2026

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| വായന<br>കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക . വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി വായനാ ശീലം വളർത്തുക, നല്ല വായനക്കാരനാക്കുക | അറബിക് ലൈബ്രറി ശാക്തീകരണം. പുതിയ അറബി പുസ്തകങ്ങൾ ശേഖരിക്കുന്നു. കഥകൾ, കവിതകൾ, ചിത്രകഥകൾ.... ... വായനാമൂല സ്ഥാപിക്കുന്നു. | 6 മാസം ജൂൺ-നവംബർ | സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ | ബി.ആർ.സി, പി.ടി.എ, പൂർവ്വ വിദ്യാർത്ഥി സ്പോൺസർഷിപ്പ് |
| എഴുത്ത്<br>എഴുതുവാനുള്ള കഴിവ് വികസിപ്പിക്കുന്നു. | ക്ലാസ്സ് കയ്യെഴുത്തു മാഗസിൻ നിർമിക്കുന്നു. ഏറ്റവും മികച്ച മാഗസിന് സമ്മാനം നൽകുന്നു | 2 മാസം സെപ്റ്റംബർ-നവംബർ | | അധ്യാപകർ,രക്ഷിതാക്കൾ സ്പോൺസർഷിപ്പ് |

| | | | | |
|---|---|---|---|---|
| അറബി ഭാഷാ ലാബ് | തനതായ അറബി ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വിഡിയോകൾ കാണാനും കേൾക്കാനും സൗകര്യം ഉണ്ടാക്കുന്നു. | ഡിസംബർ | കമ്പ്യൂട്ടർ, പ്രൊജക്ടർ | അധ്യാപകർ, ബി ആർ സി, ഡയറ്റ്, പൂർവ്വ വിദ്യാർത്ഥികൾ, PTA |
| അറബിക് ഫെസ്റ്റ്<br>അറബി ഭാഷയെ കുറിച്ചുകൂടുതൽ അറിയാൻ | അറബി ഭാഷയെ കുറിച്ച കൂടുതൽ അറിയാൻ അറബിക് ഫെസ്റ്റ് സംഘടിപ്പിക്കുന്നു. പോസ്റ്റർ പ്രദർശനം, വിഡിയോകൾ എന്നിവ പ്രദർശിപ്പിക്കുന്നു. | ഡിസംബർ | | |

| | | | | |
|---|---|---|---|---|
| <u>ദിനാചരണങ്ങൾ</u><br>ദിനാചരണങ്ങളെ കുറിച്ചുള്ള അവബോധം ഉണർത്തുന്നു | നല്ല ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. അനുബന്ധ അറബിക് പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു | നവംബർ | കംപ്യൂട്ടർ, പ്രൊജക്ടർ | അധ്യാപകർ |
| ആസ്വാദനം | IT സാധ്യതകളെ ഉപയോഗപ്പെടുത്തി കഥാ,കവിത,അനിമേഷൻ, ഷോർട് വിഡിയോകൾ തുടങ്ങിയവയുടെ പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു. | ജനുവരി | കംപ്യൂട്ടർ, പ്രൊജക്ടർ | അധ്യാപകർ |

| | | | | |
|---|---|---|---|---|
| <u>ഉൾച്ചേർന്ന വിദ്യാഭ്യാസം</u><br>ഭിന്നശേഷി വിദ്യാർത്ഥികളെ പരിപോഷിപ്പിക്കുന്നതിന് ഉതകുന്ന പ്രവർത്തനങ്ങൾ നൽകുന്നു. | വ്യത്യസ്ത തരം പസ്സിലുകൾ, നിറം നൽകൽ, അക്ഷര കാർഡുകൾ, വാക്കുകൾ വസ്തുക്കൾ യോജിപ്പിക്കുന്ന പ്രവർത്തങ്ങൾ | 1 അധ്യയന വർഷം | കളറുകൾ, ചാർട്ട് പേപ്പറുകൾ, വിവിധ പസിലുകൾ | രക്ഷിതാക്കൾ, അധ്യാപകർ |
| 5,6,7 ക്ളാസ്സുകളിലെ കുട്ടികളുടെ നിലവാരം മനസിലാക്കുക | പ്രി ടെസ്റ്റ് നടത്തുക . അടിസ്ഥാന പാഠങ്ങൾ പഠിപ്പിക്കുന്നു. | ജൂൺ മാസം | പാഠ പുസ്തകങ്ങൾ | അധ്യാപകർ |
| <u>പ്രതിഭകളെ കണ്ടെത്തൽ</u> | പ്രതിഭകളെ കണ്ടെത്തുന്നതിന് മത്സരങ്ങൾ നടത്തുന്നു. അറബി സാഹിത്യോത്സവത്തിൽ മുഴുവൻ ഇനങ്ങളിലും പ്രതിഭകളെ കണ്ടെത്തുന്നു | | പോസ്റ്ററുകൾ | അധ്യാപകർ |

# സാമൂഹ്യ ശാസ്ത്രം 2025-26.

| ലക്ഷ്യം | പ്രവർത്തനം | കാലം. |
| --- | --- | --- |
| - ദിനാചരണങ്ങളെ കുറിച്ചുള്ള ധാരണ കൂടാൻ. | കുട്ടികളുടെ നിലവാരത്തിന് അനുസരിച്ച് സംഘടിപ്പിക്കൽ. | |
| - പ്രാദേശിക ചരിത്രത്തെ കുറിച്ചുള്ള ധാരണയുണ്ടാക്കൽ. | പ്രാദേശിക ചരിത്രം, സാഹിത്യം, നേരിട്ടുള്ള അനുഭവം (പഠനയാത്ര). | |
| - ആനുകാലിക അറിവുകളെ Update ചെയ്യൽ. | ക്ലബ് അസംബ്ലി - ക്വിസ്, പ്രസംഗം, വിവരണം, വാർത്ത വായിക്കൽ.... | |
| - ചരിത്രസ്ഥലങ്ങൾ, പലതരം - നേരിട്ട് അറിയാനുള്ള അവസരം. | സാമൂഹ്യശാസ്ത്ര ലാബ്, ലൈബ്രറി. ICT സാധ്യത. | |
| - പുരാവസ്തു ഉപകരണങ്ങളെ കുറിച്ചുള്ള ധാരണയുണ്ടാക്കൽ. | ശേഖരണം, ക്ലബ് പ്രദർശനം. ICT. സാധ്യത. | |

| ലക്ഷ്യം | പ്രവർത്തനം | കാലം |
| --- | --- | --- |
| - പാഠഭാഗങ്ങളെക്കുറിച്ച് ധാരണ കിട്ടൽ. | - ആദ്യ പാഠഭാഗത്ത് നിരീക്ഷണങ്ങൾ. (ചോദ്യ നിർമ്മാണങ്ങൾ പോലെ). | |
| | - അനുബന്ധ ഉപകരണങ്ങൾ. (സാങ്കേതിക സഹായം, പ്രൊജക്ടർ) | |
| - ആശയങ്ങളെക്കുറിച്ചുള്ള അവബോധമുണ്ടാകൽ. | - ബോധവത്കരണം ക്ലാസ്. | |
| - വിദ്യാർത്ഥി പങ്കാളിത്തം ആത്മവിശ്വാസം ഉണ്ടാക്കുക | - Smart Class Room. | |

# അടിസ്ഥാനശാസ്ത്രം

**ഹരിതം സുന്ദരം** : വിദ്യാർഥികൾക്ക് കൃഷി അറിവുകൾ പകർന്നു നൽകുവാനും, സ്കൂളിലും, വീട്ടിലും വിപുലമായി ജൈവ രീതിയിൽ പച്ചക്കറികൾ കൃഷിചെയ്യുവാനും, ഉൽപാദനം, വിപണനം എന്നിവ വഴി സ്കൂൾ ഉച്ചഭക്ഷണ പദ്ധതി വിപുലമാക്കുന്നതിനും ഉള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കും.

**വീട്ടിലൊരു ശാസ്ത്രലാബ്** : കുട്ടികൾക്ക് ശാസ്ത്ര താൽപര്യം വർധിപ്പിക്കുന്നതിനും, പരീക്ഷണ, നിരീക്ഷണങ്ങളിലൂടെ അറിവുകൾ സ്വയം കണ്ടെത്തുന്നതിനും സഹായകമാകും വിധം, താരതമ്യേന ചിലവു കുറഞ്ഞതും, പാഴ്‌വസ്തുക്കളും മറ്റും ഉപയോഗിച്ച് പഠനമുറിയിൽ ശാസ്ത്രലാബ് എന്ന പ്രവർത്തനം നടപ്പിലാക്കും.

**ശാസ്ത്രകിറ്റ്** : താരതമ്യേന ചിലവു കുറഞ്ഞതും, അടുക്കളയിൽ നിന്നും, പാഴ്‌വസ്തുക്കളിൽ നിന്നും ലഭിക്കുന്ന വസ്തുക്കൾ വിവിധ പരീക്ഷണങ്ങൾക്ക് ഉതകും വിധം ശേഖരിച്ച് ശാസ്ത്രകിറ്റ് നിർമ്മാണം നടപ്പിലാക്കും.

**ഡിജിറ്റൽ പഠനസഹായി** : കുട്ടികൾക്ക് പാഠഭാഗവുമായി ബന്ധപ്പെട്ട വിവരങ്ങൾ, നോട്ടുകൾ എന്നിവ ഡിജിറ്റൽ രൂപത്തിൽ നിർമിക്കുകയും, "ഫെറ്റ്" പോലുള്ള 'സിമുലേഷൻ ബേസ്ഡ്' പഠനവും വിദ്യാർഥികൾക്ക് സാധ്യമാക്കും.

**ബൈ പ്ലാസ്റ്റിക്**: മാലിന്യ മുക്ത സ്കൂൾ എന്ന ആശയം നടപ്പിലാക്കാൻ വേണ്ടി സ്കൂളും, പരിസരവും വൃത്തിയാക്കുകയും, മാലിന്യം നിക്ഷേപിക്കാൻ സ്ഥലങ്ങൾ ഒരുക്കുകയും, പ്ലാസ്റ്റിക് കുപ്പികൾക്ക് പകരം സ്റ്റീൽ കുപ്പികൾ പ്രോത്സാഹിപ്പിക്കുകയും കുട്ടികൾക്ക് "5R" → "Rebuce, Reduce, Reuse, Recycle, Responsible" എന്ന തത്വത്തിലൂന്നി പ്ലാസ്റ്റിക് ഉപയോഗം കുറക്കുന്നതിനും, ഉപയോഗിച്ച പേനകൾ ശേഖരിക്കുന്നതിനും, പേപ്പർ പേനകൾ ഉപയോഗിക്കുന്നതും ഇടങ്ങിയ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും.

**മഴയറിവ്**: ഓരോ സമയത്തും പെയ്യുന്ന മഴയുടെ കൃത്യമായ അളവ് മഴമാപിനി നിർമ്മിച്ച് രേഖപ്പെടുത്തുകയും, അതുവഴി കാലാവസ്ഥാ പഠനത്തിനും, കാലാവസ്ഥാ പ്രവചനത്തിനും, ദുരന്ത-നിവാരണത്തിനും സഹായകമാകുന്ന രീതിയിൽ ക്രമീകരിക്കും.

**ശുചിത്വം, ആരോഗ്യം**: സ്കൂൾ തലത്തിൽ മെഡിക്കൽ ക്യാമ്പുകൾ, പ്രഥമശുശ്രൂഷ ക്ലാസ്സുകൾ, പകർച്ച രോഗങ്ങളുടെ ബോധവൽ-ക്കരണം എന്നിവ സംഘടിപ്പിക്കുകയും, ലഹരിവിരുദ്ധ പ്രവർത്തന-ങ്ങൾ ഊർജ്ജിതപ്പെടുത്തുകയും ചെയ്യും.

# ഉറുദു:

പ്രശ്നം : സ്വതന്ത്ര വായനക്ക് പ്രയാസം നേരിടുന്നു.

പ്രവർത്തനം: വായിക്കാം / വിശകലനം
വായനാസാമഗ്രികൾ ശേഖരിക്കൽ
(കാർഡുകൾ, പുസ്തകങ്ങൾ)

പ്രശ്നം : നിഘണ്ടു ഉപയോഗിക്കാൻ പ്രയാസം നേരിടുന്നു.

പ്രവർത്തനം : നിഘണ്ടു പരിചയം
വളരുന്ന നിഘണ്ടു
എന്റെ സ്വന്തം നിഘണ്ടു.

ഉറുദു ക്ലബ് രൂപീകരണം.
ക്ലബ് ശാക്തീകരണം.
പതിപ്പ് നിർമ്മാണം
ദിനാചരണങ്ങൾ പോസ്റ്റർ.

# അക്കാദമിക മാസ്റ്റർ പ്ലാൻ - സംസ്കൃതം

മേഖല - അക്കാദമികം.

ഉപമേഖല - സംസ്കൃത ഭാഷാ വികസനം

കാലയളവ് - ഒരു വർഷം.

ഭാഷാപരിചയം — അന്യ ഭാഷയിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങളെ പരിചയപ്പെടുത്തുന്നു.

ഉദാ:— മുഖം, നവം, വനം ......

അക്ഷരചാർട്ട്, അക്ഷരകാർഡ്, അക്ഷരമരം, അക്ഷരമാലാ കവിതകൾ,

ഭാഷാപരിപോഷണം:— ചാർട്ടുകൾ പ്രദർശനം, പാഠം കേട്ടും കേൾപ്പിക്കൽ

സ്വയം പരിചയപ്പെടുത്തുന്നു.

അക്ഷരലേഖനം, പദലേഖനം, സംഭാഷണം. (കുട്ടികൾ തമ്മിൽ പരിചയപ്പെടൽ) വാചനം, അന്തർവാചനം, കവിതാലാപനം തുടങ്ങിയവ.

കുട്ടികളുടെ സർഗ്ഗശേഷി വികസനം:—

പരിചിത കവിതകളിൽ അടിവരയിട്ട പദങ്ങൾ മാറ്റി മറ്റ് പദങ്ങൾ ഉപയോഗിച്ച് കവിതാ-രചനം.

- പദങ്ങൾ ഇടകലർത്തി നൽകി കവിതാലാപനം.
- സന്ദർഭം, പദങ്ങൾ നൽകി കഥ, കവിത, നാടകം രചന.

സാമൂഹികബന്ധം :- എല്ലാവിധ ജീവനക്കാരും തമ്മിലു

ഗ്രന്ഥശാല ഉദ്ഘാടനത്തിന് അവതരിപ്പിക്കുക.

— കുട്ടികളെ അംഗമാക്കൽ.

— ഗ്രന്ഥശാലയിലേക്ക് കുട്ടികളെ കൊണ്ടുപോവുക.

— അസംബ്ലിയിൽ പുസ്തകപരിചയം, സ്കൂൾ ഗ്രന്ഥശാലയിൽ പുസ്തക. പരിചയം നടത്തുക.

പ്രത്യേകപരിഗണന അർഹിക്കുന്നവർക്ക് പഠനോപകരണങ്ങൾ നിർമിക്കുന്നു.

അഭിരുചി — E Library.

ഗ്രന്ഥാവലോകനം — വീട്ടിലുള്ള പുസ്തകങ്ങൾ ലൈബ്രറിക്ക് നൽകുക.

ചെലവ് — നല്ല പുസ്തകങ്ങൾ വാങ്ങുവാൻ — വേണ്ടുന്നതായ ചെലവ്.

ലക്ഷ്യങ്ങൾ :- 1. അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്തു രീതി എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ്

2. ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ വായന പദനിർമാണം പദശേഖരണം

3. ഉപചാര വാക്കുകൾ മനസ്സിലാക്കുന്നു പറയുന്നു

4. കഥ, കവിത എന്നിവ കേട്ട് ആസ്വദിക്കുന്നതിന്

5. മാഗസിൻ നിർമാണം

6. ദിനാചരണങ്ങൾ പരിചയപ്പെടുന്നു

| ഉപലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ നടപ്പിൽ വരുത്താൻ കണ്ടെത്തിയ പരിപാടികൾ | നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മാസൂത്രണം | ഓരോ ഘട്ടത്തിലെയും പ്രതീക്ഷിത തെളിവുകൾ | പൊതുസമൂഹത്തിന്റെ മുൻപിൽ പങ്കിടുന്ന രീതികൾ | നിർവ്വഹണ കാലയളവ് |
|---|---|---|---|---|---|
| 1. അക്ഷര വായന<br>• എഴുത്തുരീതി<br>• ചിഹ്നങ്ങൾ ചേർത്തു വായന | 1.അക്ഷരകാർഡുകൾ നൽകുന്നു<br>2.അക്ഷരങ്ങൾക്ക് നിറം നൽകാൻ<br>3.ഉച്ചാരണശുദ്ധിയോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു<br>4.അക്ഷരങ്ങൾ outline നൽകി എഴുതാൻ പരിശീലിപ്പിക്കുന്നു<br>5. ICTഉപയോഗിക്കുന്നു | 1.തെറ്റായരീതിയിൽ നൽകി കുട്ടി അക്ഷരങ്ങൾ തിരിച്ചറിയുന്നുണ്ടോ എന്ന് പരീക്ഷിക്കുന്നു<br>2.രക്ഷിതാവിന്റെ സഹായത്താൽ കുട്ടിയെ പരിശീലിപ്പിക്കുന്നു<br>3. അക്ഷരപഠന സഹായി ഉപയോഗിക്കുന്നു<br>4. വീടുകളിൽ അക്ഷരച്ചാർട്ട് | 1.കുട്ടികൾ വായിക്കുന്നു ഉച്ചാരണശുദ്ധി ഉണ്ടാകുന്നു<br>2.ചിഹ്നങ്ങൾ തിരിച്ചറിയുന്നു | CPTA | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് |

| ഉപലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ നടപ്പിൽ വരുത്താൻ കണ്ടെത്തിയ പരിപാടികൾ | നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മാസൂത്രണം | ഓരോ ഘട്ടത്തിലെയും പ്രതീക്ഷിത തെളിവുകൾ | പൊതുസമൂഹത്തിന്റെ മുൻപിൽ പങ്കിടുന്ന രീതികൾ | നിർവ്വഹണ കാലയളവ് |
|---|---|---|---|---|---|
| പദനിർമാണം പദശേഖരണം | 1.അക്ഷരകാർഡുകൾ നൽകി പദങ്ങൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നു<br>2.പാഠപുസ്തകങ്ങൾക്ക് പുറമെ പുതിയ പദങ്ങൾ ശേഖരിക്കാൻ അവസരം നൽകാം<br>3. പദനിർമാണ മത്സരങ്ങൾ നടത്തുന്നു | രക്ഷിതാവിന്റെ സഹായത്തോടെ പരിശീലിപ്പിക്കുന്നു<br><br>ഒഴിവ് വേളകളിൽ അധിക പ്രവർത്തനങ്ങൾ നൽകാം | | CPTA | ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ |
| ഉപചാര വാക്കുകൾ മനസിലാക്കുന്നു | പാഠപുസ്തകത്തിലെ ഉപചാര വാക്കുകൾ<br>........................................<br>നിത്യേന ക്ലാസ്സിൽ സന്ദർഭങ്ങൾക്ക് അനുസരിച്ച് ഉപയോഗിക്കുന്നു | വീടുകളിലും സന്ദർഭത്തിനനുസ- രിച്ച് പറഞ്ഞു ശീലിക്കാൻ | | CPTA | ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ |

| | | | | | |
|---|---|---|---|---|---|
| കവിത കേട്ട് ആസ്വദിക്കുന്നു<br><br>മാഗസിൻ നിർമ്മാണം | ചെറിയ കവിതകൾ കഥകൾ വായിച്ച് അവതരിപ്പിക്കുമ്പോൾ കഥാപാത്രങ്ങൾ ഉപചാരമാക്കുക പുതിയ പദങ്ങൾ എന്നിവ തിരിച്ചറിയുകയും വായിക്കാൻ പരിശീലിപ്പിക്കുകയും ചെയ്യുന്നു ചിത്രങ്ങൾ വരക്കാം | ചെറിയ കഥാകവിത ബുക്കുകൾ വീടുകളിൽ നൽകി രക്ഷിതാവിന്റെ സഹായത്തോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു<br><br>ക്ലാസിൽ പദങ്ങൾ കണ്ടെത്തി മത്സരം നടത്തുന്നു | ചിത്രങ്ങൾ അക്ഷരങ്ങൾ പദങ്ങൾ ഉപചാര വാക്കുകൾ കഥ കവിത ശേഖരിച്ച് ഇവയെല്ലാം ഉൾപ്പെടുത്തി ഒരു മാഗസിൻ നിർമ്മാണം | CPTA | ഡിസംബർ - മാർച്ച് |
| ദിനാചരണങ്ങൾ പരിചയപ്പെടൽ | ഓരോ ദിനാചരണത്തിന്റെയും ഭാഗമായി അറബിയിലുള്ള പ്ലക്കാർഡുകൾ നിർമ്മിച്ച ചെറിയ വിവരങ്ങൾ നൽകുന്നു | രക്ഷിതാവിന്റെ സഹായത്തോടെ ചിത്രങ്ങൾ വരയ്ക്കുന്നതിനും സഹായം തേടുന്നു | | | ജൂൺ - മാർച്ച് |